**പതിനാലാംകേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2761** **06-11-2019 ൽ മറുപടി**

**മങ്കട നിയോജകമണ്ഡലത്തിൽ ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ടി.എ.അഹമ്മദ് കബീർ** | | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഹരിതകർമസേന രൂപീകരിക്കുകയും, അവരുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ തോട് സംരക്ഷണം, കലക്ടേഴ്സ് അറ്റ് സ്കൂൾ, പച്ചത്തുരുത്ത് പദ്ധതി, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ, വീട്ടിൽ ഒരു മാവും പ്ലാവും, ബയോബിൻ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഹരിത കേരള മിഷന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. പുഴക്കാട്ടിരി പഞ്ചായത്തിലെ 9-ാം വാർഡിൽ എളരി കുളത്തിന്റെ പുനരുദ്ധാരണം -49 ലക്ഷം ഈ പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br><br>2. മങ്കട പഞ്ചായത്തിലെ വെളുത്തേടത്ത് അയ്യപ്പൻ കുളത്തിന്റെ നവീകരണം - 5 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ; | (ബി) | പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (സി) | പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ടാസ്ക് ഫോഴ്സ് പ്രവർത്തിക്കുന്നുണ്ട്. ബഹു.മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും മിഷന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്. മിഷൻ പ്രവർത്തനങ്ങൾ ജിയോ ടാഗ് റിപ്പോർട്ട് ചെയ്യുന്നതിനായി "ഹരിതദൃഷ്ടി" എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത് ഉപയോഗിക്കുന്നതിനുള്ള പരിശീലനം നടന്നു വരുന്നു.<br><br>ഹരിതകേരളമിഷന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകൾ നേരിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും നിരന്തരം വിലയിരുത്തലുകളും മാർഗ്ഗ നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. കൂടാതെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരുടെ പരിശോധനയിൽ ആയത് വിലയിരുത്തുന്നതിനും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുകയും ചെയ്തു വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഹരിതകേരളമിഷന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | അങ്ങാടിപ്പുറം | ഹരിതകർമസേന രൂപീകരിക്കുകയും, അവരുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനം നടക്കുന്നുണ്ട് | പ്ലാസ്റ്റിക് / പാഴ് വസ്തു ശേഖരണം നടത്തിയിരുന്നു. |
| 2 | കുറുവ | 1.തോട് സംരക്ഷണം<br>2.ഹരിത കർമ്മസേന<br>3.കലക്ടേഴ്സ് അറ്റ് സ്കൂൾ | 1.മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തോടുകളുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം.<br>2.ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ഗ്രീൻ കേരള കമ്പനിക്ക് കൈമാറി വരുന്നു .<br>3.കലക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് ബയോബിനുകൾ. 12 LP / UP സ്കൂളുകൾക്ക് ആകെ 48 ബിനുകൾ . ഒരു സ്കൂളിന് 4 എണ്ണം വീതം നൽകാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു |
| 3 | കൂട്ടിലങ്ങാടി | ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിനായി ഹരിതകേരളം വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് നടപ്പിലാക്കി വരുന്നു. | വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും 15 ഹരിത കർമ്മ സേന അംഗങ്ങൾ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫ്. സെന്ററിലെത്തിക്കുന്നു |
| 4 | മങ്കട | ഹരിതകർമ്മ സേന രൂപീകരണം, പ്രവർത്തനം, കളക്ടേഴ്സ് അറ്റ് സ്കൂൾ | പ്ലാസ്റ്റിക് / പാഴ് വസ്തു ശേഖരണം നടത്തിയിരുന്നു. |
| 5 | പുഴക്കാട്ടിരി | പച്ചത്തുരുത്ത് പദ്ധതി | പ്ലാസ്റ്റിക് / പാഴ് വസ്തു ശേഖരണം നടത്തിയിരുന്നു. |
| 6 | മൂർക്കനാട് | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ | അജൈവ മാലിന്യങ്ങൾ 5 സെന്ററുകളിൽ 20 ഹരിത കർമ്മസേന അംഗങ്ങൾ വഴി ശേഖരിച്ച് തരം തിരിച്ച് വരുന്നു |
| 7 | മക്കരപ്പറമ്പ് | 1.വീട്ടിൽ ഒരു മാവും പ്ലാവും<br>2.തോട് സംരക്ഷണം<br>3.ഹരിത കർമ്മസേന<br>4.ബയോബിൻ<br>5.കലക്ടേഴ്സ് അറ്റ് സ്കൂൾ | 1. മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വീടുകളിൽ ഒരുമാവും, ഒരു പ്ലാവും എന്ന പദ്ധതിയിലൂടെ ഹൈബ്രിഡ് തയ്യുകൾ ഓരോവീടുകളിലും വച്ച് പിടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു<br>2. എല്ലാ വാർഡുകളിലും തോടുകളുടെ സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം .<br>3.ഹരിത സേനാ പ്രവർത്തനങ്ങൾ<br>4. അജൈവ മാലിന്യ സംസ്കരണത്തിനായി എല്ലാ വീടുകൾക്കും ബയോബിനുകൾ നൽകൽ<br>5.കലക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതി പ്രകാരം സർക്കാർ/എയ്ഡഡ് സ്കൂളുകൾക്ക് ബയോബിനുകൾ |

സെഷൻ ഓഫീസർ